(സി) ഈ റൂളുകളും ഓർഡറുകളും യഥാസമയം മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയും റവന്യൂ വകുപ്പും പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ളതും നാളിതുവരെ മേശപ്പുറത്തു വയ്ക്കാത്തതുമായ എസ്.ആർ.ഒ.-കളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

മലയാള ഭാഷയിൽ വിവർത്തനം ചെയ്ത നിയമങ്ങൾ

21 [1431] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി നിയമസഭ പാസ്സാക്കിയ ഏതെല്ലാം നിയമങ്ങൾ നിയമവകുപ്പ് മലയാള ഭാഷയിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ബി) അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) നിയമസഭ പാസ്സാക്കിയ ഏതെല്ലാം നിയമങ്ങൾ നിയമവകുപ്പ് മലയാളഭാഷയിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കുവാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കേരള ലാന്റ് റിഫോംസ് ആക്റ്റിന്റെ പ്രസിദ്ധീകരിക്കപ്പെട്ട നാളിതുവരെയുള്ള ഭേദഗതികളുൾപ്പെടെയുള്ളവയുടെ മലയാള പരിഭാഷകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 1965-നു ശേഷം നിയമസഭ പാസ്സാക്കിയ നിയമങ്ങൾ മലയാള ഭാഷയിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) അവയുടെ എല്ലാ പകർപ്പുകളും ഇപ്പോൾ ലഭ്യമല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നാളിതുവരെയുള്ള ഭേദഗതികൾ ഉൾപ്പെട്ട കേരള ലാന്റ് റിഫോംസ് ആക്ടിന്റെ മലയാളം പകർപ്പ് ഇപ്പോൾ ലഭ്യമല്ല.

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്

22 [1432] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ടതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly